MATHRUBHUMI - 24-07-2024

# സിഫ്റ്റിൽ വിദ്യാർഥികൾക്കായി ശില്പശാല



സിഫ്റ്റ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ശില്പശാല ഡോ. ആർ. ദിനേഷ് ഉദ്ഘാടനം ചെയ്യുന്നു

തോപ്പുംപടി ▸ സിഫ്റ്റിന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി 'മത്സ്യസംസ്കരണ, മൂല്യവർധന മേഖലയിലെ സംരംഭകത്വവഴികൾ' ശില്പശാല നടത്തി.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് ഡയറക്ടർ ഡോ. ആർ. ദിനേഷ് ഉദ്ഘാടനം ചെയ്തു.

മത്സ്യസംസ്കരണ മേഖലയിൽ നൂതനാശയങ്ങൾ വികസിപ്പിക്കാനും സുരക്ഷിതമായ മൂല്യവർധിത മത്സ്യ ഉത്പന്നങ്ങൾ നിർമിക്കാനുമുള്ള പരിശീലനവേദിയായി ശില്പശാല മാറണമെന്ന് അദ്ദേഹം പറഞ്ഞു.

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷനായി. പ്രിൻസിപ്പൽ സയന്റിസ്റ്റും സിഫ്റ്റിലെ ഫിഷ് പ്രോസസിങ് വിഭാഗം മേധാവിയുമായ ഡോ. ജെ. ബിന്ദു, സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. സി.ഒ. മോഹൻ, ഡോ. എസ്. രമ്യ തുടങ്ങിയവർ സംസാരിച്ചു. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള 25 പി.ജി., പിഎച്ച്.ഡി. വിദ്യാർഥികൾ പങ്കെടുക്കുന്നുണ്ട്.